ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

58 (723) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ സ്റ്റേറ്റ് ഹൈവേയിൽ ഹൈവേയുടെ പേരും നമ്പരും സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) അതുപോലെ എസ്.എച്ച് 22-ലെ വിവിധ സ്ഥലങ്ങളിൽ സ്ഥലപ്പേരുകളും മറ്റും സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പേരും നമ്പരും എഴുതിയ ബോർഡുകൾ രണ്ട് റോഡുകളിലും സ്ഥാപിച്ചിട്ടുണ്ട്.

ബാലുശ്ശേരി, കുറുമ്പൊയിൽ, വയലട-തലയാട് റോഡിന്റെ പണി പൂർത്തീകരിക്കാൻ നടപടി

59 (727) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കുവാൻ ബാക്കി ഉണ്ട് ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാമത്തെ റീച്ച് പൂർത്തിയാക്കി രണ്ടും മൂന്നും റീച്ചുകൾ ബാക്കിയുള്ള ബാലുശ്ശേരി-കുറുമ്പൊയിൽ-വയലട-തലയാട് റോഡിന്റെ പണി ഇപ്പോൾ നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഴയ എം.എൽ.എ. റോഡ് പദ്ധതിയിൽപ്പെട്ട നാലും പുതിയ എം.എൽ.എ റോഡ് പദ്ധതിയിലെ മൂന്നും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

(ബി) പണി പുനരാരംഭിച്ചിട്ടുണ്ട്.

കൊയിലാണ്ടി ഡീവിയേഷൻ വർക്കുകൾ

60 (728) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ഡീവിയേഷൻ പണി എന്ന് തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് കേന്ദ്ര റോഡു ഗതാഗത ദേശീയപാതാ മന്ത്രാലയം അംഗീകരിക്കുകയും ചെയ്യുന്നമുറയ്ക്ക് ദർഘാസ് ക്ഷണിച്ച് കരാറുകാരെ നിശ്ചയിക്കുകയും പണി ആരംഭിക്കുകയും ചെയ്യാനാണ് ഉദ്ദേശ്യം.

(ബി) ദേശീയപാത 17-ൽ കിലോമീറ്റർ 214 മുതൽ 225 വരെ ഒരു ഡീവിയേഷനുള്ള പ്രൊപ്പോസലിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അതിനുവേണ്ടി സ്ഥലമെടുക്കുന്നതിനുള്ള അടങ്കൽ കേന്ദ്രം അംഗീകരിക്കുകയുണ്ടായി. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരികയാണ്.

"കല്ലിഗെ" പാലം നിർമ്മാണം

61 (730) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വിദ്യാനഗർ-മുഡിപ്പ് റോഡിൽ കള്ളായി പുഴയ്ക്ക് കലിഗെ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകിയത് എന്നാണ് ;

(സി) പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പണി ആരംഭിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(എഫ്) ഈ പാലം നിർമ്മാണത്തിന് നബാർഡിന്റെ സഹായം ലഭ്യമാക്കുമോ ;

(ജി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) "കല്ലിഗെ" പാലം നിർമ്മിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 16-1-1999- ൽ

(സി & ഡി) പ്രത്യേകാനുമതി നൽകിയതിനു ശേഷമേ പണി ആരംഭിക്കാൻ കഴിയുകയുള്ളു.

(ഇ) 162 ലക്ഷം രൂപ

(എഫ് & ജി) വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

"പത്വാടി" യിൽ പാലം നിർമ്മിക്കുന്നതിന് നടപടി

62 (731) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly